ADC(P)
Pl. discuss

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- 2016 ലെ അംഗപരിമിതാവകാശ നിയമം-അംഗപരിമിതർക്കുള്ള തൊഴിൽ സംവരണം-അനുയോജ്യമായ തസ്തികകൾ കണ്ടെത്തുവാനുള്ള (identify) വിദഗ്ധ കമ്മിറ്റി(Expert Committee) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി) നം.8/2018/സാ.നീ.വ തിരുവനന്തപുരം, തീയതി 19.6.2018

പരാമർശം- 1. സ.ഉ(പി)നം.21/08/സാ.ക്ഷേ.വ തീയതി 7.3.2008

2. സ.ഉ(പി)നം.24/08/സാ.ക്ഷേ.വ തീയതി 11.4.2008

3. 21.3.2018 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ D3-2132/18 നമ്പർ കത്ത്

4. 13.4.2018 ൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

<u>ഉത്തരവ്</u>

പരാമർശം 1, 2 പ്രകാരം 1995 ലെ അംഗപരിമിത (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും മുഴുവൻ പ്രാതിനിധ്യവും) നിയമത്തിലെ 33 വകുപ്പ് പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന അംഗപരിമിതർക്കായുള്ള 3% സംവരണം ഉറപ്പ് വരുത്തി അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിരുന്നു.

കേന്ദ്ര സർക്കാർ Rights of Persons with Disabilities Act, 2016 (അംഗപരിമിതാവകാശ നിയമം 2016) 19.4.2017 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ടി ആക്ടിലെ സെക്ഷൻ 34 പ്രകാരം സർക്കാർ സംരംഭങ്ങളിൽ അംഗപരിമിതർക്ക് 4% ൽ കുറയാത്ത സംവരണം നൽകുവാൻ വിവക്ഷിക്കുന്നു. ആയത് താഴെ പറയുന്ന അഞ്ച് വിഭാഗങ്ങളിൽ a, b, c എന്നീ അംഗപരിമിത വിഭാഗങ്ങൾക്ക് ഒരു ശതമാനം വീതവും d, e എന്നീ വിഭാഗങ്ങൾക്കായി ഒരു ശതമാനവും സംവരണം നൽകുവാൻ അനുശാസിക്കുന്നു.

a. blindness and low vision

b. deaf and hard of hearing

c. locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular destrophy

d. autism, intellectual disability, specific learning disability and mental illness

e. multiple disabilities from amongst persons under clauses (a) to (d) including deaf-blindness

ടി ആക്ടിന്റെ സെക്ഷൻ 33(ii) പ്രകാരം ടി അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തുന്നതിനായി അടിസ്ഥാന അംഗപരിമിതത്വമുള്ളവരുടെ (benchmark disability) പ്രാതിനിധ്യത്തോടു കൂടി ഒരു എക്സ്പർട്ട് കമ്മിറ്റി അതാത് സർക്കാർ രൂപീകരിക്കണമെന്ന് വിവക്ഷിക്കുന്നു.

അടിസ്ഥാന അംഗപരിമിതത്വമുള്ളവർക്ക് (benchmark disability) പ്രാതിനിധ്യം നൽകിക്കൊണ്ട് നിലവിലെ എക്സ്പർട്ട് കമ്മിറ്റികൾ വിപുലീകരിച്ച് കൊണ്ട് ഉത്തരവാകേണ്ടതാണെന്ന് പരാമർശം 3 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

നിലവിലെ എക്സ്പർട്ട് കമ്മിറ്റി അംഗങ്ങളെയും അംഗപരിമിതാവകാശ സംരക്ഷണ നിയമം, 2016 പ്രകാരം പുതുതായി നിർദ്ദേശിച്ചിരിക്കുന്ന വൈകല്യ വിഭാഗ മേഖലയിൽ നിന്നുള്ള വിദഗ്ധരെയും അംഗപരിമിത സംഘടനകളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി സർക്കാർ സംരംഭങ്ങളിലെ അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് ഒരു എക്സ്പർട്ട് കമ്മിറ്റി, നിലവിലെ രണ്ട് എക്സ്പർട്ട് കമ്മിറ്റികളെയും വിപുലീകരിച്ചുകൊണ്ട് രൂപീകരിക്കുവാൻ പരാമർശം 4 പ്രകാരം തീരുമാനിച്ചിരുന്നു.

അംഗപരിമിതാവകാശ സംരക്ഷണ നിയമം, 2016 ലെ സെക്ഷൻ 33(ii) പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി - ചെയർമാൻ
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ -കൺവീനർ
3. സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
4. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യം(ബി.പി.ഇ) വകുപ്പ്
5. കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് (മെമ്പർ സെക്രട്ടറി )
6. ലേബർ കമ്മീഷണർ, തിരുവനന്തപുരം
7. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
8. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
9. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
10. ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, ശ്രീകാര്യം.പി.ഒ, തിരുവനന്തപുരം

ഓരോ അംഗപരിമിത വിഭാഗത്തിനെയും സംബന്ധിക്കുന്ന, നിയമന കാര്യത്തിൽ അഭിപ്രായം ആരായുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന വിദഗ്ദ്ധ ഡോക്ടർമാരെ സമിതി കൺസൾട്ടന്റുമാരായി യോഗത്തിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്:-

1. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഒഫ്ത്താൽമോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇ.എൻ.റ്റി മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
3. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഓർത്തോപീഡിക്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
4. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
5. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ മെഡിസിൻ, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
6. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ന്യൂറോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

എക്സ്പർട്ട് കമ്മിറ്റിയിലെ അടിസ്ഥാന അംഗപരിമിതത്വമുള്ളവരുടെ (bench mark disability) പ്രതിനിധികളായി അംഗപരിമിത സംഘടനകളിലെ പ്രതിനിധികളെ ക്ഷണിക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അംഗപരിമിത സംഘടനകളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതും ആയത് ഉത്തരവിനനുസൃതമായി കൃത്യമായ ഇടവേളകളിൽ പരിഷ്കരിക്കേണ്ടതുമാണ്.

എക്സ്പർട്ട് കമ്മിറ്റികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്:-

1. Rights of Persons with Disabilities Act, 2016 ലെ സെക്ഷൻ 33(iii) പ്രകാരം അംഗപരിമിതർക്കായി കണ്ടെത്തിയ തസ്തികകൾ മൂന്ന് വർഷത്തിൽ കുറയാത്ത കൃത്യമായ ഇടവേളകളിൽ പുനരവലോകനം (review) നടത്തേണ്ടതാണ്.
2. അടിയന്തിര സന്ദർഭങ്ങളിൽ ബന്ധപ്പെട്ട മേഖലയിൽ വിദഗ്ദ്ധനായ ഒരംഗമെങ്കിലും ഉണ്ടെങ്കിൽ എക്സ്പർട്ട് കമ്മിറ്റി ചെയർമാന് അപ്പോൾ ലഭ്യമായ അംഗങ്ങളുടെ (available expert committee) യോഗം വിളിച്ച് ചേർക്കാവുന്നതും ടി തീരുമാനങ്ങൾ അടുത്ത മുഴുവൻ അംഗ കമ്മിറ്റി യോഗത്തിൽ സാധൂകരിക്കാവുന്നതുമാണ്.